LIBRARY ARCHIVES Kerala Legislative Assembly

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്

206 (552) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തേയ്ക്ക് സഭ പാസ്സാക്കിയ ബഡ്ജറ്റിലെ നിർദ്ദേശങ്ങളിൽ ഇനിയും നടപ്പിലാക്കിയിട്ടില്ലാത്തവ എന്തൊക്കെയാണെന്ന് വകുപ്പടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) നാളിതുവരെ ഭരണാനുമതി നൽകാത്ത നിർദ്ദേശങ്ങൾ ; ഭരണാനുമതി നൽകിയെങ്കിലും നടപ്പിലാക്കിയിട്ടില്ലാത്തവ ; ഖജനാവിൽ നിന്നും നാളിതുവരെ പണം ചെലവഴിക്കപ്പെട്ടിട്ടില്ലാത്തവ ; നടപ്പിലാക്കേണ്ടതില്ലെന്ന് പിന്നീട് തീരുമാനിച്ച നിർദ്ദേശങ്ങൾ ; എന്നിവയുടെ വിശദാംശങ്ങൾ വകുപ്പടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(സി) ബഡ്ജറ്റ് നിർദ്ദേശത്തെത്തുടർന്ന് നൽകിയ ഭരണാനുമതികൾ എത്ര; 2015 ജനുവരി 1-നുശേഷം ഭരണാനുമതി നൽകിയവ എത്ര ?

ഉത്തരം

(എ-സി) സംസ്ഥാനത്തിന്റെ വികസനവും ക്ഷേമവും ലക്ഷ്യമാക്കി 2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ 217-ഓളം പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ 94-ഓളം പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ഭരണാനുമതി ലഭിച്ച പദ്ധതികളിൽ 26-ഓളം എണ്ണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. എന്നാൽ നാളിതുവരെ യാതൊരു നടപടികളും സ്വീകരിക്കാത്ത 20-ഓളം പദ്ധതികളുമുണ്ട്. പ്രസ്തുത വർഷത്തെ പദ്ധതികളിൽ ഭരണാനുമതി നൽകിയവയുടെയും നാളിതുവരെ ഭരണാനുമതി നൽകാത്തവരുടെയും വിവരങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു.*

2014-15-ലെ ബഡ്ജറ്റിൽ വകകൊള്ളിച്ച തുക

207 (553) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ലെ ബഡ്ജറ്റിൽ ഓരോ വകുപ്പിനും പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ വകകൊള്ളിച്ച തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഓരോ വകുപ്പിലും 31-1-2015 വരെ പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ ഉണ്ടായ ചെലവിന്റെ ശതമാനം തുകവിവരം സഹിതം വെളിപ്പെടുത്താമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) 2014-15 സാമ്പത്തിക വർഷം വിവിധ ധനാഭ്യർത്ഥനകളിലായി പദ്ധതി, പദ്ധതിയേതര ഇനങ്ങൾക്കായി വകകൊള്ളിച്ച തുക, അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2015 ജനുവരി 31 വരെ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

2014-15 -ൽ വാർഷിക പദ്ധതിക്കായി നീക്കിവച്ചിട്ടുള്ള തുക

208 (554) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ൽ വാർഷിക പദ്ധതിക്കായി നീക്കിവച്ചിട്ടുള്ള തുകയെത്ര യെന്ന് വികസന മേഖല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഓരോ വികസന മേഖലയിലും നാളിതുവരെയുണ്ടായ ചെലവ് എത്രയാണ് ; ഓരോ മേഖലയിലും ചെലവാക്കാൻ ബാക്കി എത്രയുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 2014-15-ൽ വാർഷിക പദ്ധതിക്കായി വികസന മേഖല തിരിച്ച് വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും (31-1-2015 വരെയുള്ള താൽക്കാലിക കണക്ക്) ചെലവഴിക്കാൻ ബാക്കിയുള്ള തുകയും അനുബന്ധമായി നൽകുന്നു.*

2014-15 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുക

209 (555) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-2015 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി സംസ്ഥാനത്ത് ഇതുവരെ ചെലവഴിച്ച തുക എത്രയാണ് ;

(ബി) ഇതിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ചെലവഴിക്കപ്പെട്ടത് എത്ര യാണെന്നും തനത് പദ്ധതികൾക്ക് ചെലവഴിക്കപ്പെട്ടത് എത്രയാണെന്നും വ്യക്ത മാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി സംസ്ഥാനത്ത് ഇതുവരെ ചെലവഴിച്ചത് 8581 കോടി രൂപയാണ് (43%).

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 1136 കോടി രൂപയും (42%) തനത് പദ്ധതികൾക്ക് 8581 കോടി രൂപയും (43%) ചെലവഴിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly